**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3447** — **02-03-2023 - ൽ മറുപടിയ്ക്ക്**

**നാളികേര സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാളികേര വിലയിടിവ് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ പച്ചത്തേങ്ങ സംഭരണം 14/01/2022-ലെ സ.ഉ.(കൈ) നം. 3/2022 കൃഷി ഉത്തരവ് പ്രകാരം പുനരാരംഭിച്ചത് നിലവിൽ കേരഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ /FPO മുഖേനയുംVFPCK, KSCDC എന്നിവ മുഖേനയും പച്ചത്തേങ്ങ കേരഫെഡ് സംഭരിച്ചു വരുന്നു. പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചു വരുന്നത്. 23/02/2023-വരെ 9427.60957 MT പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.<br><br>സംഭരണ വില27/- രൂപയായിരുന്നത് 2021 ഏപ്രിൽ മുതൽക്കാണ് 32/- രൂപയായി സർക്കാർ നിശ്ചയിച്ച് 14/01/2022 മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. തേങ്ങയുടെ ഉല്പാപദന ചെലവും ഉൽപ്പാദനവും കണക്കാക്കിയാണ് സംഭരണ വില / തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2022 സീസണിലെ തേങ്ങയുടെ താങ്ങുവില 28.60 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.40 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. |
| (ബി) | നാളികേര ഉല്പാദനം കൂടുതലുള്ള പ്രദേശങ്ങളിൽ നിന്നും സംഭരണം നടത്തുന്നതിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ 167 പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്, ആയതിൽ 121 സംഭരണകേന്ദ്രങ്ങൾ വഴി ഇപ്പോൾ പച്ചത്തേങ്ങ സംഭരിച്ചു വരുന്നു.<br><br>04/03/2022-ലെ സ.ഉ.(കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽ നിന്ന് പരമാവധി 50തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് |

| | | | |
|---|---|---|---|
| | | | നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും 07/11/2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കുവാനുള്ള പുതുക്കിയ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സഹകരണ ബാങ്കുകൾക്ക് സംഭരണ ച്ചുമതല നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാന ഏജൻസിയായി നിയമിച്ചിട്ടുള്ളത് കേരഫെഡിനേയും, നാളികേര വികസന കോർപ്പറേഷനേയുമാണ്. നിലവിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാന സൗകര്യവും താത്പര്യവുമുള്ള സഹകരണ ബാങ്കുകൾ ഉൾപ്പടെയുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉത്പാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ FPO കൾ എന്നിവയിൽ നിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി തിരഞ്ഞെടുത്ത് ശുപാർശ ചെയ്യുന്ന മുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണ പത്രം ഒപ്പു വെച്ച ശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുകയുമാണ് ചെയ്തു വരുന്നത്. ഇപ്രകാരം ജില്ലാ തല സമിതി ശുപാർശ ചെയ്യുന്ന ഏതു സഹകരണ സംഘത്തിനും അനുമതി ലഭിക്കുന്ന മുറയ്ക്ക് നാളികേര സംഭരണത്തിൽ പങ്കാളിയാകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ